**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2093** **20-01-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് പ്രതിരോധം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി കെ അബ്ദു റബ്ബ്** | | **Smt. K. K .Shailaja Teacher (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് മാസ്ക് ധരിക്കലും സാമൂഹ്യ അകലം പാലിക്കലും കോവിഡ് രോഗപ്രതിരോധത്തിന് നിലവിൽ ആവശ്യമാണോ; എങ്കിൽ ഓരോ വ്യക്തിയും മറ്റൊരാളിൽ നിന്ന് എത്ര ദൂരം അകലമാണ് പാലിക്കേണ്ടതായിട്ടുള്ളത്; | (എ) | ആവശ്യമാണ്. കോവിഡ് വ്യാപന നിയന്ത്രണ പ്രവർത്തനങ്ങൾക്കായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഏറ്റവും പ്രാധാന്യത്തോടെ നിഷ്കർഷിച്ചിരിക്കുന്ന കാര്യങ്ങളാണ് മാസ്ക് ധരിക്കലും, സാമൂഹിക അകലം പാലിക്കലും. നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം ഒരോ വ്യക്തിയും മറ്റൊരാളിൽ നിന്നും രണ്ട് മീറ്റർ അകലം പാലിക്കണമെന്നാണ് നിർദ്ദേശിക്കുന്നത്. |
| (ബി) | ടി അകലം പാലിക്കേണ്ടതായിട്ടുള്ളതിൽ പൊതുജനങ്ങൾ ഒത്തുകൂടുന്ന ഏതെങ്കിലും സർക്കാർ ഇടത്തെ മാത്രം ഒഴിവാക്കി നൽകിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം; ഇല്ലെങ്കിൽ സാധാരണ ജനം യാത്രക്കായി ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന കെ.എസ്.ആർ.ടി.സി. യിൽ മാത്രം യാത്രക്കാർ സാധാരണക്കാരായതിനാൽ ചേർത്ത് ഇരുത്തി യാത്ര അനുവദിച്ച് രോഗം വരുത്തുന്നത് തടയാൻ ഗവൺമെന്റ് എന്തുകൊണ്ടാണ് നിയന്ത്രണം ഏർപ്പെടുത്താത്തത് എന്നറിയിക്കുമോ? | (ബി) | ഇല്ല. കെ.എസ്.ആർ.ടി.സി.യിൽ ബസുകളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് യാത്ര ചെയ്യുന്നതിനാണ് നിർദ്ദേശിച്ചിരിക്കുന്നത്. സാമൂഹിക അകലവും, മാസ്കും, സാനിറ്റൈസറും സംബന്ധിച്ച നിർദ്ദേശങ്ങൾ എല്ലാ യാത്രക്കാരും പാലിക്കുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ